പ്രതികരണം

# ഇസ്‌ലാമിക പ്രവർത്തകരും രാഷ്ട്രീയ അവബോധവും

അബ്ദുല്ലത്വീഫ് കൊടുവള്ളി

**‘ജനങ്ങളുടെ** കാര്യത്തിൽ താൽപര്യം കാണിക്കാത്തവൻ നമ്മിൽ പെട്ടവനല്ല’ എന്ന നബിവചനം, സത്യവിശ്വാസികൾ ജനകീയ പ്രശ്നങ്ങളിൽ തൽപരരായിരിക്കണമെന്നാണ് പഠിപ്പിക്കുന്നത്. ചെറുതും വലുതുമായ ജനകീയ വിഷയങ്ങൾ ഏറ്റവുമധികം ചർച്ചയാവുന്നത് രാഷ്ട്രീയ രംഗത്താണ്. രാഷ്ട്രീയത്തെക്കുറിച്ചും അതിനോട് സ്വീകരിക്കേണ്ട നയത്തെക്കുറിച്ചും ഇസ്‌ലാമിക പ്രവർത്തകർക്ക് തികഞ്ഞ അവബോധമുണ്ടാവേണ്ടതുണ്ട്.

നബി(സ)യും സഖാക്കളും മക്കയിൽ പീഡനങ്ങളും മർദനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലായിരുന്നു റോം-പേർഷ്യാ യുദ്ധം. ആ പശ്ചാത്തലത്തിൽ സത്യവിശ്വാസികൾക്ക് രണ്ടു പാഠങ്ങൾ നൽകിക്കൊണ്ട് *അർറൂം* അധ്യായത്തിലെ ഒന്നു മുതൽ അഞ്ചുവരെയുള്ള സൂക്തങ്ങൾ അവതരിക്കുകയുണ്ടായി. തൽക്കാലം റോം തോറ്റുവെങ്കിലും വൈകാതെ അവർ ജയിക്കുമെന്നും ശത്രുക്കളുടെ മർദനങ്ങൾ അവസാനിച്ച് വിശ്വാസികൾക്ക് അന്തിമവിജയം കൈവരുന്നുമെന്നുമായിരുന്നു അതിലെ ഉള്ളടക്കം. മേൽ സൂക്തങ്ങൾ അവതരിക്കുന്നതിനു മുമ്പുതന്നെ സ്വഹാബികൾ യുദ്ധ വിഷയത്തിൽ ക്രൈസ്തവ റോമിനോട് അനുഭാവമുള്ളവരായിരുന്നു. പ്രാദേശിക ദേശീയ അന്തർദേശീയ സാഹചര്യങ്ങളെക്കുറിച്ച് നബിയും സ്വഹാബികളും ജാഗരൂകരായിരുന്നുവെന്നാണ് ഇതിൽനിന്ന് മനസ്സിലാവുന്നത്. റോം ജയിക്കുമെന്ന പ്രവചനം വന്നതോടെ യാത്രാ സംഘങ്ങളിൽനിന്ന് യുദ്ധഗതിയറിയാൻ മുസ്‌ലിംകൾ ഉത്സുകരായിരുന്നതായി ചരിത്രത്തിൽ കാണാം. ഖുർആനിക പ്രവചനം സാക്ഷാത്കരിച്ചുകൊണ്ട് റോം പേർഷ്യയെ കീഴടക്കിയതും ബദ്റിൽ മുസ്‌ലിംകൾ ശത്രുക്കളെ പരാജയപ്പെടുത്തിയതും ഒരേ കാലത്തായിരുന്നു.

മക്കയിൽനിന്ന് എത്യോപ്യയിലേക്ക് പലായനം ചെയ്തെത്തിയ മുസ്‌ലിംകൾക്ക് അഭയം നൽകിയ ക്രൈസ്തവ ചക്രവർത്തി നേഗസിന്, മുസ്‌ലിംകൾക്ക് അഭയം നൽകിയതുൾപ്പെടെയുള്ള കാരണങ്ങളാൽ ആഭ്യന്തര യുദ്ധത്തെ അഭിമുഖീകരിക്കേണ്ടി വന്ന സന്ദർഭത്തിൽ അഭയാർഥികളായ മുസ്‌ലിംകൾക്കുണ്ടായ ഉൽകണ്ഠയും ആശങ്കയും, പിൽക്കാലത്ത് നബിയുടെ പത്നിയായിത്തീർന്ന ഉമ്മുസലമയുടെ വിവരണത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. യുദ്ധഗതി നേഗസിന് അനുകൂലമോ പ്രതികൂലമോ എന്നറിയാനായി സുബൈറുബ്നുൽ അവ്വാം(റ) തോലിൽ കാറ്റുനിറച്ച് നെഞ്ചത്തുവെച്ചുകെട്ടി നദി നീന്തിക്കടന്നു യുദ്ധരംഗം വീക്ഷിച്ചതും, നേഗസ് ജയിച്ച വിവരം അതേവിധം നീന്തി ഇക്കരെവന്ന് തുണി ഉയർത്തിവീശി അറിയിച്ചതും ഉമ്മുസലമ സ്മരിച്ചിട്ടുണ്ട്. നേഗസിനെതിരെ ആഭ്യന്തര യുദ്ധമുണ്ടായപ്പോൾ അനുഭവിച്ചതിനേക്കാൾ വലിയ ദുഃഖം താൻ അനുഭവിച്ചിട്ടില്ലെന്നും അദ്ദേഹം ജയിച്ചെന്നറിഞ്ഞപ്പോൾ ഉണ്ടായതിനേക്കാൾ വലിയ സന്തോഷം തനിക്ക് മറ്റൊരിക്കലുമുണ്ടായിട്ടില്ലെന്നും അവർ പറയുന്നു. റോം, എത്യോപ്യൻ അനുഭവങ്ങൾ സ്വഹാബികളുടെ രാഷ്ട്രീയമായ ഉൽക്കണ്ഠകളെയാണ് എടുത്തുകാട്ടുന്നത്.

ഇപ്പോൾ ബഹുമുഖ സമ്മർദങ്ങൾ നേരിടുകയാണ് ഇന്ത്യൻ മുസ്‌ലിംകൾ. എല്ലാം രാഷ്ട്രീയമയമായ ഇക്കാലത്ത് ഉൽക്കണ്ഠാകുലതകൾ ഏറും. ഈ സാഹചര്യത്തിൽ, വ്യക്തിപരമായ പ്രതികരണങ്ങൾക്കും നിലപാടുകൾക്കും പകരം ആദർശാത്മകവും സംഘടിതവുമായ ഇസ്‌ലാമിക രാഷ്ട്രീയ നിലപാടുകൾക്കാണ് പ്രസക്തി. മതപരമെന്നോ ആരാധനാപരമെന്നോ വ്യവഹരിക്കപ്പെട്ടുവരുന്ന വിഷയങ്ങളിൽ ഒട്ടേറെ അഭിപ്രായാന്തരങ്ങൾ നിലനിന്നപ്പോഴും രാഷ്ട്രീയ നിലപാടുകളിൽ സാമാന്യേന ഐക്യം പുലർത്താൻ മുമ്പ് ലോക മുസ്‌ലിംകൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ, ആന്തരിക ദൗർബല്യത്താലും ബാഹ്യസമ്മർദങ്ങളാലും ഇന്നവർ രാഷ്ട്രീയമായി ഏറക്കുറെ ശിഥിലമായിക്കഴിഞ്ഞിരിക്കുന്നു. തങ്ങൾക്ക് ഒരു ആദർശാത്മക രാഷ്ട്രീയ നിലപാട് ഉണ്ടായിരിക്കണമെന്ന ബോധം അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കേവല സാമുദായികമോ സംഘടനാപരമോ ആയ ഉപരിപ്ലവ നിലപാടുകളാണ് അവരെ സ്വാധീനിക്കുന്നത്. ഈ അപചയങ്ങളുടെ പ്രധാന കാരണം ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ താത്വികവും പ്രായോഗികവുമായ വശങ്ങളെക്കുറിച്ച അജ്ഞതയാണ്.

ബഹുസ്വര സമൂഹത്തിലെ ഇസ്‌ലാമിക രാഷ്ട്രീയത്തിന് പ്രധാനമായും മൂന്ന് തലങ്ങളുണ്ട്. ഒന്ന്, തെരഞ്ഞെടുപ്പ് തീരുമാനം (ഉദാ. വോട്ട് ആർക്ക്, ഏതു മുന്നണിക്ക്). രണ്ട്, തീരുമാനത്തിന്നാധാരമായ പശ്ചാത്തലം (ഉദാ. ഫാഷിസ്റ്റ് വിരുദ്ധത, സാമ്രാജ്യത്വ വിരുദ്ധത). മൂന്ന്, തീരുമാനത്തിന്റെ ഇസ്‌ലാമിക മാനവും ന്യായവും. മൂന്നാമത് പറഞ്ഞ തലത്തിന്റെ ഖുർആനും നബിചര്യയും ആധാരമാക്കിയുള്ള വിശകലനങ്ങൾ വേണ്ട രീതിയിൽ മനസ്സിലാക്കിയാലേ രാഷ്ട്രീയ തീരുമാനത്തിന്റെ ഔചിത്യം ബോധ്യപ്പെടുകയുള്ളൂ. ഇസ്സുബ്നു അബ്ദിസ്സലാം, ഇബ്നുതൈമിയ്യ മുതലായ പ്രഗത്ഭ ഇസ്‌ലാമിക ധിഷണകൾ യുക്തി ഭദ്രമായി ഈ വിഷയം ചർച്ച ചെയ്തവരാണ്. മതം വേറെ, രാഷ്ട്രീയം വേറെ എ

ന്നു തെറ്റായി പഠിപ്പിക്കപ്പെട്ടുപോയ സമുദായത്തിന് തെരഞ്ഞെടുപ്പ് തീരുമാനത്തിനു പിന്നിലും കർമശാസ്ത്ര നിദാന ശാസ്ത്ര തത്വമുണ്ടെന്ന കാര്യം ദഹിച്ചുകൊള്ളണമെന്നില്ല. എന്നാൽ, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അതത് നാടുകളിൽ കൈക്കൊള്ളുന്ന ഓരോ രാഷ്ട്രീയ നീക്കവും മേൽതത്ത്വങ്ങൾ മുമ്പിൽവെച്ചാണെന്ന അവബോധം ഇസ്‌ലാമിക പ്രവർത്തകർക്കെങ്കിലും ഉണ്ടായേ പറ്റൂ.

പൊതു താൽപര്യങ്ങൾ സംരക്ഷിക്കുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം എന്നിരിക്കെ, പൊതുസമൂഹത്തിന്റെയും വിശിഷ്യ മുസ്‌ലിംകളുടെ നന്മ ലാക്കാക്കിയും ദോഷങ്ങൾ പ്രതിരോധിച്ചും പ്രാധാന്യക്രമം ദീക്ഷിച്ചുകൊണ്ടായിരിക്കും രാഷ്ട്രീയ തീരുമാനങ്ങളും നിലപാടുകളും. സങ്കുചിതമോ സാമുദായികമോ വൈകാരികമോ ആയ തീരുമാനങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നു ഉണ്ടാകാത്തത് ഇതുകൊണ്ടാണ്. ഈ തീരുമാനം ഉൾക്കൊള്ളാൻ പ്രയാസപ്പെടുന്നവർക്ക് ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ നിദാനശാസ്ത്ര തത്ത്വങ്ങളെക്കുറിച്ച് വിദ്യാഭ്യാസം നൽകുകയേ നിവൃത്തിയുള്ളൂ.

മറ്റെന്തിലുമെന്നപോലെ, പ്രാദേശിക-ദേശീയ രാഷ്ട്രീയത്തിലും മുൻഗണനാക്രമങ്ങൾക്ക് അതിന്റേതായ പ്രാധാന്യമുണ്ട്. രാജ്യം നേരിടുന്ന പ്രശ്നങ്ങളെ വിലയിരുത്തി വർഗീകരിച്ച ശേഷം ഏറ്റവും പരിഗണനീയമായ നന്മകളെയും വളരെ പെട്ടെന്ന് നീക്കേണ്ട അപകടങ്ങളെയും കണ്ടുകൊണ്ടാവണം രാഷ്ട്രീയ അജണ്ട തീരുമാനിക്കുന്നത്. ഈ തീരുമാനം വികാരപരമായിരിക്കില്ല, തീർത്തും വിചാരപരമായിരിക്കും. 'രണ്ടു നിഷിദ്ധങ്ങളിൽ ഒന്നു ചെയ്യാതെ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ വലിയ നിഷിദ്ധത്തെ തടുക്കാൻ ചെറിയ നിഷിദ്ധം ചെയ്യേണ്ടിവരുന്നത് നിഷിദ്ധമല്ല' എന്ന ഇബ്നു തൈമിയ്യയുടെയും 'ഭരണാധികാരികൾ അധർമത്തിൽ വ്യത്യസ്ത നിലവാരത്തിലാണെങ്കിൽ ഏറ്റവും കുറഞ്ഞ അധർമിയെ തെരഞ്ഞെടുക്കണം' എന്ന ഇസ്സുബ്നു അബ്ദിസ്സലാമിന്റെയും പ്രസ്താവനകളിൽ ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ മുൻഗണനാക്രമം പരിഗണിച്ചിട്ടുണ്ട്. 'കൊലയാളിയും വ്യഭിചാരിയും അഴിമതിക്കാരനും മത്സരരംഗത്തുണ്ടാവുമ്പോൾ അഴിമതിക്കാരനെയും, കൊലയാളിയും വ്യഭിചാരിയും ഏറ്റുമുട്ടുമ്പോൾ വ്യഭിചാരിയെയും തെരഞ്ഞെടുത്ത് കൂടുതൽ കടുത്ത ദോഷങ്ങളിൽനിന്ന് സമൂഹത്തെ രക്ഷിക്കണം' എന്ന് ഇസ്സുബ്നു അബ്ദിസ്സലാം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിധം ആവിഷ്കൃതമാവുന്ന തീരുമാനങ്ങളെ പ്രസ്ഥാനം മാത്രമല്ല, രാജ്യവും രാജ്യ നിവാസികളും സ്വീകരിക്കേണ്ട അവസരോചിതമായ നിലപാടായാണ് കാണേണ്ടത്. മുന്നണി രാഷ്ട്രീയത്തിന്റെ ഊരാക്കുടുക്കിൽ പെട്ട് ഇസ്രയേൽ പക്ഷപാതികൾക്കും സാമ്രാജ്യത്വ ദാസന്മാർക്കും വോട്ടു ചെയ്യേണ്ടിവരുന്നത് ഈ വ്യതിരിക്ത നിലപാട് ഇല്ലാത്തതുകൊണ്ടാണ്. ■